**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ടോട്ടൽ സാനിറ്റേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ തുടങ്ങാൻ ഉദ്ദേശിച്ചിരുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർവ്വഹണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ 2013-2014 സാമ്പത്തിക വർഷത്തിൽ 13-ാമത് ഫിനാൻസ് കമ്മീഷൻ അവാർഡ് പ്രകാരം "Setting up of Sewage Treatment Plant and incinerator” എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാൻ 50 ലക്ഷം രൂപ അനുവദിക്കുകയും 31.03.2014 ൽ പി ഡബ്ല്യു ഡി അസിസ്റ്റന്റ് എൻജിനിയർക്ക് തുക കൈമാറി നൽകിയിട്ടുള്ളതുമാണ്. 2017 ലെ എസ് റ്റി പി യുടെ പ്രൊജക്ടായി MBBR (MOVING Bed Bio Reactor) Model എസ്റ്റിമേറ്റായി പി ഡബ്ല്യു ഡി സമർപ്പിച്ചു. എന്നാൽ 2020 ലെ MBR (Membrane Bio Reactor) Model പ്രൊജക്ടായി പുതുക്കി 86 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിനാൽ ഡെപ്പോസിറ്റ് തുക കഴിച്ചുള്ള 36 ലക്ഷം രൂപ അധികമായി ആവശ്യമായിട്ടുണ്ട്. |
| (ബി) | ഇതിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ; | (ബി) | 2021-22 ലേക്ക് Solid Liquid Waste Management in all Government Hospitals എന്ന പ്ലാൻ ഫണ്ടിലേക്ക് ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത് . ഇതിൽ 81 ലക്ഷം രൂപ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയ്ക്ക് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ബാക്കിയുള്ള 19 ലക്ഷം രൂപ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലവിൽ നിർമ്മാണത്തിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് പൂർത്തീകരിക്കുന്നതിനും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. |
| (സി) | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല . ആയത് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ